6/1/22.

17/12/21

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
## തിരുവനന്തപുരം 695 001

**E-mail: sic.ker@nic.in**

**ഹർജി നമ്പർ AP No. 1447(1)/2021/SIC തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**

**(ഫയൽ നമ്പർ: 13160/SIC-G4/2021)**

**സന്നിഹിതൻ**

**ഡോ. വിശ്വാസ് മേത്ത, മുഖ്യ വിവരാവകാശ കമ്മീഷണർ**

**തീയതി : 2021 ഡിസംബർ 17**

ശ്രീ. അലി,
തോട്ടത്തിൽ വീട്,
നടുവണ്ണൂർ പി.ഒ.,
നടുവണ്ണൂർ വഴി കോഴിക്കോട് – 673 614. } അപ്പീൽ ഹർജിക്കാരൻ

1) സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ
നടുവണ്ണൂർ ഗ്രാമപഞ്ചായത്ത് കാര്യാലയം,
നടവണ്ണൂർ പി.ഒ.,
കോഴിക്കോട് – 673 614.
2) അപ്പീൽ അധികാരി &
പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ,
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയം,
കോഴിക്കോട്. } എതിർകക്ഷികൾ

| | |
|---|---|
| 6(1) അപേക്ഷ സമർപ്പിച്ച തീയതി | 23/04/2021 |
| മറുപടി ലഭ്യമാക്കിയ തീയതി | 17/05/2021 |
| ഒന്നാം അപ്പീൽ അപേക്ഷാ നൽകിയ തീയതി | 23/06/2021 |
| മറുപടി ലഭ്യമാക്കിയ തീയതി | 22/07/2021 |
| രണ്ടാം അപ്പീൽ അപേക്ഷ സമർപ്പിച്ച തീയതി | 16/10/2021 |
| കമ്മീഷനിൽ അപ്പീൽ ലഭ്യമായ തീയതി | 18/10/2021 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 28/10/2021 |
| കമ്മീഷനിൽ റിപ്പോർട്ട് ലഭിച്ച തീയതി | 15/11/2021 |
| ഹിയറിംഗ് നടന്ന തീയതി | 17/12/2021 (വീഡിയോ/ആഡിയോ ഹിയറിംഗ്) |
| ഹിയറിംഗ് സാന്നിദ്ധ്യം : അപ്പീൽ ഹർജിക്കാരൻ:<br>എസ്.പി.ഐ.ഒ. | പ്രതിനിധി ഹാജരായി - ഓഡിയോ<br>ഹാജരായി |

## ഉത്തരവ്

ശ്രീ. അലി, കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീൽ ഹർജിയിൽ ബോധിപ്പിച്ചത്, ഹർജിക്കാരൻ വിവരാവകാശ നിയമപ്രകാരം സമർപ്പിച്ച അപേക്ഷയ്ക്കും അപ്പീൽ അപേക്ഷയ്ക്കും ലഭിച്ച മറുപടി തൃപ്തികരമല്ല എന്നും വിവരാവകാശ നിയമത്തിന് വിരുദ്ധമായി 30 ദിവസം കഴിഞ്ഞാണ് രേഖകൾക്ക് ഫീസായി 105/- രൂപ ഒടുക്കാൻ ആവശ്യപ്പെട്ടതെന്നും ആയതിനാൽ ആവശ്യപ്പെട്ട മുഴുവൻ രേഖകളും സൗജന്യമായി വാങ്ങി നൽകണമെന്നും കൂടാതെ വിവരങ്ങൾ നൽകുന്നതിൽ വീഴ്ച വരുത്തിയ പൊതു വിവരാവകാശ ഓഫീസറെ വിവരാവകാശ നിയമത്തിലെ 20 വകുപ്പ് പ്രകാരം ശിക്ഷിക്കണമെന്നുമാണ്.

2. ഹർജിക്കാരൻ 23.4.2021 തീയതി ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ടത് താഴെ പറയുന്ന വിവരങ്ങളാണ്:

i. 11.09.2020–ലെ ഭരണസമിതി യോഗത്തിൽ ശ്രീ. കാസിം പി. പുതുക്കുടിയുടെ എം സാന്റ് യൂണിറ്റ് നിർമ്മിക്കുന്നതിന്റെ അപേക്ഷയിലെ തീരുമാനത്തിന് എതിരായി 12–ാം വാർഡ് മെമ്പർ ശ്രീമതി സൗദ നൽകിയ വിയോജന കുറിപ്പിന്റെ സാക്ഷ്യപ്പെടുത്തിയ ശരിപ്പകർപ്പ് നൽകണമെന്നും

ii. ശ്രീ.കാസിം പി. പുതുക്കുടി എന്നയാൾ എം സാന്റ് യൂണിറ്റ് തുടങ്ങുവാൻ നൽകിയ അപേക്ഷയിലെ മുഴുവൻ രേഖകളും സാക്ഷ്യപ്പെടുത്തിയ ശരിപകർപ്പ് നൽകണമെന്നുമാണ്.

3. മേൽപ്പടി അപേക്ഷയ്ക്ക് ഹർജിക്കാരൻ ആവശ്യപ്പെട്ടത് ബൃഹത്തായ ഫയലാണെന്നും ആയത് നേരിട്ട് പരിശോധിക്കാവുന്നതാണെന്നും അറിയിച്ചുകൊണ്ട് 17.05.2021 തീയതി ഒന്നാം എതിർകക്ഷി മറുപടി നൽകിയിട്ടുള്ളതായി കാണുന്നു. മേൽപ്പടി മറുപടി തൃപ്തികരമല്ലാത്തതിനാൽ ഹർജിക്കാരൻ രണ്ടാം എതിർകക്ഷി മുമ്പാകെ അപ്പീൽ സമർപ്പിച്ചു. മേൽപ്പടി അപ്പീൽ അപേക്ഷ തീർപ്പാക്കി പുറപ്പെടുവിച്ച ഉത്തരവിൽ രണ്ടാം എതിർകക്ഷി പ്രസ്താവിച്ചത്, ഹർജിക്കാരൻ 23.4.2021 തീയതി ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയ്ക്ക് നൽകിയ മറുപടി തൃപ്തികരമല്ലെന്ന് കാണിച്ചുകൊണ്ടാണ് അപ്പീൽ ബോധിപ്പിച്ചിട്ടുള്ളതെന്നും ഒന്നാമത്തെ ചോദ്യത്തിൽ 11.9.2020–ലെ ഭരണസമിതി യോഗത്തിൽ ശ്രീ. കാസിം പി. പുതുക്കുടിയുടെ എം. സാന്റ് യൂണിറ്റ് നിർമ്മിക്കുന്നതിന്റെ അപേക്ഷയിലെ തീരുമാനത്തിന് എതിരായി 12–ാം വാർഡ് മെമ്പർ ശ്രീമതി സൗദ നൽകിയ വിയോജന കുറിപ്പിന്റെ സാക്ഷ്യപ്പെടുത്തിയ ശരിപകർപ്പാണെന്നും ആയതിന് 11.9.2020 തീയതിയിലെ ഭരണസമിതി യോഗത്തിൽ ശ്രീ. കാസിം പി., പുതുക്കുടിയുടെ എം.സാന്റ് യൂണിറ്റ് നിർമ്മിക്കുന്നതിനുള്ള അനുമതി നൽകുന്നതിനുള്ള ചർച്ചയിൽ വാർഡ് 12 ഭരണസമിതി അംഗം ശ്രീമതി സൗദ കെ.കെ.യുടെ വിയോജന കുറിപ്പ് രേഖപ്പെടുത്തിയ മിനിറ്റ്സിന്റെ പകർപ്പ് 1 പേജിന് 2/- രൂപ അടവാക്കുന്ന മുറയ്ക്ക് അനുവദിക്കുന്നതാണെന്ന് അറിയിക്കുകയും ഫീസ് അടവാക്കിയതുപ്രകാരം പകർപ്പ് അനുവദിക്കുകയും ചെയ്തിട്ടുണ്ടെന്നും 12–ാം വാർഡ് മെമ്പർ ശ്രീമതി സൗദ കെ.കെ. വിയോജനകുറിപ്പ് എഴുതി നൽകിയിട്ടില്ലെന്നും വാക്കാൽ പറഞ്ഞ വിയോജനം രേഖപ്പെടുത്തിയ ഭരണസമിതി മിനിറ്റ്സിൽ സാക്ഷ്യപ്പെടുത്തിയ പകർപ്പ് അനുവദിച്ചതെന്ന് അപ്പീൽ റിപ്പോർട്ടിൽ ബോധിപ്പിച്ചിട്ടുണ്ടെന്നും ആയത് ഹർജിക്കാരന് അനുവദിച്ചിട്ടുണ്ടെന്നും എന്നാൽ വാർഡ് മെമ്പർ രേഖാമൂലം വിയേജന കുറിപ്പ് എഴുതി നൽകിയിട്ടില്ലെന്ന വിവരം കൂടി അപേക്ഷകനെ അറിയിക്കാമായിരുന്നു എന്നും രണ്ടാമത്തെ ചോദ്യത്തിൽ കാസിം പി. പുതുക്കുടി എന്നയാൾ എം.സാന്റ് യൂണിറ്റ് തുടങ്ങാൻ നൽകിയ അപേക്ഷയിലെ മുഴുവൻ രേഖകളുടെയും സാക്ഷ്യപ്പെടുത്തിയ ശരിപ്പകർപ്പാണ് ആവശ്യപ്പെട്ടതെന്നും ആയതിന്

അപേക്ഷകൻ ആവശ്യപ്പെട്ട കെട്ടിട നിർമ്മാണാനുമതിക്കായുള്ള അപേക്ഷയുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾ 8.4.2014 തീയതി മുതൽ നടന്ന് വരുന്നതാണെന്നും എ1, എ2 വലുപ്പത്തിലുള്ള പ്ലാനുകളും നേരത്തെ സമർപ്പിച്ചതും പിന്നീട് പുന:സമർപ്പിച്ചതുമായ നിരവധി രേഖകൾ ഉൾപ്പെട്ടതാണെന്നും ഇത്തരം ഫയലിലെ രേഖകളുടെ പകർപ്പ് അനുവദിക്കുക എന്നത് ഓഫീസ് പ്രവർത്തനത്തിനും കൃത്യനിർവ്വഹണത്തിനും ഭംഗം വരുത്തുന്നതും സ്ഥാപനത്തിന്റെ സമ്പത്തും മറ്റു ഭൗതിക സാഹചര്യങ്ങളും വളരെയധികം ചെലവഴിച്ച് മാത്രമെ നൽകാൻ കഴിയുകയുള്ളു എന്നും അറിയിച്ചിട്ടുണ്ടെന്നും കൂടാതെ അപേക്ഷയോടൊപ്പം ഹാജരാക്കിയ പ്ലാനിന്റെ കോപ്പി എഴുതാൻ സൗകര്യം ഓഫീസിൽ ഇല്ലാത്തതിനാലും, കോവിഡ്–19 ലോക് ഡൗൺ കാരണം മറ്റു സ്ഥലങ്ങളിൽ പോയി പകർപ്പ് എടുക്കുന്നതിന് സൗകര്യമില്ലാത്തതിനാലും ഓഫീസിൽ നേരിട്ട് ഫയൽ പരിശോധിക്കാവുന്നതാണെന്ന് മറുപടി നൽകിയതാണെന്നും എന്നാൽ ആയത് ഹർജിക്കാരൻ പ്രയോജനപ്പെടുത്തിയിട്ടില്ലെന്നും അപേക്ഷകൻ ആവശ്യപ്പെട്ട രേഖകൾ പകർപ്പ് എടുക്കുന്നതിന് സൗകര്യമുള്ള ഫോട്ടോസ്റ്റാറ്റ് കടകൾ തുറന്ന് പ്രവത്തിക്കുന്നുണ്ടെങ്കിൽ ഫയൽ പരിശോധിച്ച് പേജുകളുടെ എണ്ണം, ഫീസ് നിരക്ക് എന്നിവ അപേക്ഷകനെ അറിയിക്കുകയും ഫീസ് അടവാക്കുന്ന മുറയ്ക്ക് രേഖകൾ അനുവദിക്കുന്നതിനും പകർപ്പ് എടുക്കാൻ സൗകര്യം ലഭ്യമല്ലെങ്കിൽ രേഖകൾക്ക് ഫീസ് ഈടാക്കി പരിശോധിക്കുന്നതിന് ഒരിക്കൽകൂടി അവസരം നൽകുന്നതിനും നിർദ്ദേശം നൽകി അപ്പീൽ തീർപ്പാക്കിയിട്ടുള്ളതുമാണ് എന്നാണ്.

4. ഒന്നാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചിരിക്കുന്നത്, അപേക്ഷകൻ ചോദ്യം 1–ൽ പകർപ്പ് ഫീ അടവാക്കി ഭരണസമിതി യോഗ മിനിറ്റ്സിന്റെ പകർപ്പ് കൈപ്പറ്റിയിട്ടുണ്ടെന്നും അപേക്ഷാ രേഖകൾ പരിശോധിക്കാതെയാണ് ഒന്നാം അപ്പീൽ അധികാരി മുമ്പാകെ അപ്പീൽ സമർപ്പിച്ചതെന്നും ഒന്നാം അപ്പീൽ അധികാരിയുടെ ഉത്തരവിൽ 12–ാം വാർഡ് മെമ്പർ ശ്രീമതി സൗദ കെ.കെ. വിയോജനകുറിപ്പ് എഴുതി നൽകിയിട്ടില്ലെന്നും വാക്കാൽ പറഞ്ഞ വിയോജനം രേഖപ്പെടുത്തിയ ഭരണസമിതി മിനിറ്റ്സിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് എടുക്കുന്നതിന് സൗകര്യമുള്ള ഫോട്ടോസ്റ്റാറ്റ് കടകൾ തുറന്ന് പ്രവർത്തിക്കുന്നുണ്ടെങ്കിൽ ഫയൽ പരിശോധിച്ച് പേജുകളുടെ എണ്ണം, ഫീസ് നിരക്ക് എന്നിവ അപേക്ഷകനെ അറിയിക്കുകയും ഫീസ് അടവാക്കുന്ന മുറക്ക് രേഖകൾ അനുവദിക്കുന്നതിനും പകർപ്പ് എടുക്കാൻ സൗകര്യം ലഭ്യമല്ലെങ്കിൽ രേഖകൾക്ക് ചട്ട പ്രകാരം ഫീസ് ഈടാക്കി പരിശോധിക്കുന്നതിന് ഒരിക്കൽകൂടി അവസരം നൽകി അപ്പീൽ തീർപ്പാക്കിയിട്ടുള്ളതാണെന്നും ആയതുപ്രകാരം പകർപ്പ് ഫീ അടവാക്കി പകർപ്പുകൾ കൈപ്പറ്റുന്നതിന് 30.7.2021 പ്രകാരം അപേക്ഷകനെ രജിസ്റ്റേർഡ് തപാലായി അറിയിച്ചിട്ടുണ്ടെന്നും എന്നാൽ ഇതുവരെ അപേക്ഷകൻ

പകർപ്പ് ഫീ അടവാക്കി പകർപ്പ് എടുപ്പിക്കുകയോ രേഖകൾ പരിശോധിക്കുകയോ ചെയ്തിട്ടില്ലെന്നും അപേക്ഷകന് വിവരങ്ങൾ ലഭിക്കാതിരിക്കാൻ മന:പൂർവ്വമായി യാതൊരു നടപടികളും എതിർകക്ഷി ഓഫീസിന്റെ ഭാഗത്തു നിന്നും ഉണ്ടായിട്ടില്ലെന്നുമാണ്.

5. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ, ഹർജിക്കാരന്റെ 23.4.2021-ലെ വിവരാവകാശ അപേക്ഷയ്ക്ക് 17.5.2021-ന് മറുപടി നൽകിയിട്ടുള്ളതാണെങ്കിലും പകർപ്പ് ഫീ അടക്കാൻ നിർദ്ദേശിച്ചുകൊണ്ട് മറുപടി നൽകിയത് 30.7.2021-നാണ്. അപേക്ഷയിൽ പരാമർശിച്ചതുപോലെ എം.സാന്റ് യൂണിറ്റ് തുടങ്ങുന്നതിനായി നൽകിയ അപേക്ഷയ്ക്കെതിരെ 12-ാം വാർഡ് മെമ്പർ ശ്രീമതി സൗദ വിയോജനകുറിപ്പ് എഴുതി നൽകിയിരുന്നില്ല എന്നും വാക്കാൽ അറിയിച്ച വിയോജന കുറിപ്പാണ് ഭരണസമിതി മിനിറ്റ്സിൽ രേഖപ്പെടുത്തിയതെന്നും കാണുന്നു. ശ്രീ. കാസിം പി., എം-സാന്റ് യൂണിറ്റ് തുടങ്ങാൻ നൽകിയ അപേക്ഷ അടങ്ങിയ ഫയൽ ബൃഹത്തായതിനാലും, അതിലെ രേഖകൾ ഫോട്ടോ കോപ്പി എടുക്കുന്നതിന് ഒന്നാം എതിർകക്ഷി കാര്യാലയത്തിൽ സൗകര്യമില്ലാത്തതിനാലും മറ്റ് സ്ഥലങ്ങളിൽ നിന്നും പകർപ്പുകൾ എടുക്കാൻ കോവിഡ് കാരണം സൗകര്യമില്ലാത്തത് കാരണവുമാണ് രേഖകൾ നേരിട്ട് പരിശോധിക്കാൻ അവസരം നൽകിയത് എന്നുമുള്ള എതിർകക്ഷികളുടെ വാദം വിവരാവകാശ നിയമപ്രകാരം അംഗീകരിക്കത്തക്കതല്ല. അപേക്ഷകൻ വിവരാവകാശ നിയമപ്രകാരം ആവശ്യപ്പെട്ടിട്ടുള്ള വിവരങ്ങൾ നിശ്ചിത കാലയളവിനുള്ളിൽ നൽകിയാൽ മാത്രമെ, അപേക്ഷകരിൽ നിന്നും പകർപ്പ് ഫീസ് ഈടാക്കാൻ വ്യവസ്ഥയുള്ളു. നിശ്ചിത കാലാവധിക്ക് ശേഷമാണ് ടി അറിയിപ്പ് നൽകുന്നത് എങ്കിൽ അപേക്ഷകന് സൗജന്യമായി രേഖകൾ ലഭിക്കാൻ അർഹതയുണ്ട്. ആയതിനാൽ ഈ ഉത്തരവ് കൈപ്പറ്റി 3 ദിവസത്തിനകം ലഭ്യമായ രേഖകളുടെ പകർപ്പുകൾ ഹർജിക്കാരന് സൗജന്യമായി നൽകണമെന്ന് ഒന്നാം എതിർകക്ഷിയോട് കമ്മീഷൻ നിർദ്ദേശിക്കുന്നു.

6. മേൽ പ്രസ്താവിച്ച പ്രകാരം ഈ അപ്പീൽ ഹർജി തീർപ്പാക്കി ഇന്നേ ദിവസം 2021 ഡിസംബർ 17-ാം തീയതി കമ്മീഷൻ ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഒപ്പ്)
ഡോ. വിശ്വാസ് മേത്ത
മുഖ്യ വിവരാവകാശ കമ്മീഷണർ

STATE INFORMATION COMMISSION • THIRUVANANTHAPURAM •

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

കമ്മീഷൻ സെക്രട്ടറി